ടാവൽ മാർട്ട്

328 (1036) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കേരള ടാവൽ മാർട്ട് സംഘടിപ്പിക്കുന്നതിന് വകുപ്പ്നൽകിയ സാമ്പത്തിക സഹായം എത്ര കോടിയായിരുന്നു ; ഇതിന് മുൻപത്തെ ടാവൽ മാർട്ടിന് നൽകിയിരുന്ന സഹായം എത്ര ;

(ബി) കേരളത്തെ വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി മാറ്റിയെടുക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ടാവൽമാർട്ടിൽ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ടാവൽ മാർട്ടിൽ പങ്കെടുത്ത ബയർ/സെല്ലർമാരുടെ എണ്ണം മുൻ ടാവൽമാർട്ടിനെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) കേരള ടാവൽ മാർട്ടിന്റെ മൊത്തം വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്തത് ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരള ടാവൽ മാർട്ട് (KTM) 2014 സംഘടിപ്പിക്കുന്നതിന് ഈ വർഷം 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 50 ലക്ഷം രൂപ ഇതിനകം KTM സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. 2013-ൽ KTM-ന് 1 കോടി രൂപ സാമ്പത്തിക സഹായം നൽകിയിരുന്നു.

(ബി-ഡി) കേരള ടാവൽ മാർട്ട് സംഘടിപ്പിക്കുന്നത് KTM സൊസൈറ്റിയാണ്. KTM 2014 സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ KTM സൊസൈറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ

329 (1037) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് ; അതിൽ ആഭ്യന്തര വിനോദ സഞ്ചാരികൾ എത്ര, വിദേശ വിനോദ സഞ്ചാരികൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly